©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ  പ്രിന്റിംഗ്  പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

**ഒന്നാമത് റിപ്പോർട്ട്**

(2022 മാർച്ച് മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീധന പീഡനം സംബന്ധമായ പരാതികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീധന പീഡനം സംബന്ധമായ പരാതികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

431/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ:</u>

ശ്രീമതി യു. പ്രതിഭ

<u>അംഗങ്ങൾ</u> :

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം. കെ. മുനീർ

ശ്രീ. സജീവ് ജോസഫ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

ശ്രീമതി പ്രീത കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ, സമിതി (2021-2023)യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്ത്രീധന പീഡനത്തെ തുടർന്നുള്ള ആത്മഹത്യകളും കൊലപാതകങ്ങളും സംബന്ധിച്ച് സമിതി (2004-2006) മുമ്പാകെ ലഭിച്ച ഹർജികളുമായി ബന്ധപ്പെട്ട പല കേസുകളും സമിതി (2004-2006) പരിശോധിച്ചതിൽ നിന്നും ശരിയായ വകുപ്പുകൾ ചേർത്ത് കേസ് ചാർജ്ജ് ചെയ്യാത്തതിനാലും കുറ്റപത്രം യഥാസമയം സമർപ്പിക്കാത്തതിനാലും പ്രതികൾക്ക് രക്ഷപ്പെടുന്നതിനുള്ള അവസരം ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമിതി നിർദ്ദേശാനുസരണം കേസ് പുനരന്വേഷണം നടത്തി യഥാവിധി കുറ്റപത്രം തയ്യാറാക്കി കേസ് കോടതിയിൽ സമർപ്പിച്ച പരാതികളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ട് 2004 ജൂലൈ മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2021 നവംബർ 19-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

യു. പ്രതിഭ,

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

# റിപ്പോർട്ട്

പതിനൊന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ട് 2004 ജൂലൈ മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചു.

സ്ത്രീധന പീഡനത്തെ തുടർന്നുള്ള ആത്മഹത്യകളും കൊലപാതകങ്ങളും സംബന്ധിച്ച് സമിതി മുമ്പാകെ ലഭിച്ച ഹർജികളുമായി ബന്ധപ്പെട്ട പല കേസുകളും സമിതി പരിശോധിച്ചതിൽ നിന്നും ശരിയായ വകുപ്പുകൾ ചേർത്ത് കേസ് ചാർജ്ജ് ചെയ്യാത്തതിനാലും കുറ്റപത്രം യഥാസമയം സമർപ്പിക്കാത്തതിനാലും പ്രതികൾക്ക് രക്ഷപെടുന്നതിനുള്ള അവസരം ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സമിതി നിർദ്ദേശാനുസരണം കേസ് പുനരന്വേഷണം നടത്തി യഥാവിധി കുറ്റപത്രം തയ്യാറാക്കി കേസ് കോടതിയിൽ സമർപ്പിച്ച പരാതികളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളും അവയിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതായിരുന്നു പ്രസ്തുത റിപ്പോർട്ട്. റിപ്പോർട്ടിൽ കേസിന്റെ ഗൗരവമനുസരിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ അനുയോജ്യമായ വകുപ്പുകൾ ചുമത്തി കേസ് ചാർജ്ജ് ചെയ്ത് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിനും ഇത്തരം കേസുകളിൽ വാദിക്കുന്ന സർക്കാർ വക്കീലന്മാരുടെ പ്രവർത്തനം ഉൾപ്പെടെ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ആയത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും സ്ത്രീധന പീഡന കേസുകളുടെ അന്വേഷണത്തിലും നടത്തിപ്പിലും സമഗ്രമായ പൊളിച്ചെഴുത്ത് സൂചിപ്പിക്കുന്ന 15 ശിപാർശകളും സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരുന്നു.

ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 3-12-2004-ൽ ആഭ്യന്തരം, സാമൂഹ്യനീതി എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 12, 64 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്ക് വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 4-8-2009-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട 21, 35, 92 എന്നീ ഖണ്ഡിക ശിപാർശകളിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് നിരവധി കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മറ്റ് ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 6-11-2013-ലെ തെളിവെടുപ്പ് യോഗത്തിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽ നിന്നും ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം തേടുകയുമുണ്ടായി.

ഖണ്ഡികകൾ 6, 8, 9, 10 എന്നിവയിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 8-12-2017-ലെ യോഗത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയുമുണ്ടായെങ്കിലും തെളിവെടുപ്പ് നടന്നിട്ടില്ല.

ഖണ്ഡിക 7-ലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 8-12-2017-ലെ യോഗത്തിൽ പരിഗണിക്കുകയും തുടർനടപടികൾ സംബന്ധിച്ച അധികവിവരം ആവശ്യപ്പെട്ടുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക 124-ലെ ശിപാർശയിന്മേൽ ആഭ്യന്തര (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 8-12-2017-ലെ യോഗത്തിൽ പരിഗണിച്ചശേഷം സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് 113, 114 ഖണ്ഡികകളിലെ ശിപാർശകളുടെ കൂട്ടത്തിൽ മറുപടി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ശിപാർശയിന്മേൽ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടേണ്ടതില്ലെന്ന് 6-11-2020-ലെ യോഗത്തിൽ സമിതി തീരുമാനിക്കുകയുണ്ടായി.

ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 21, 35, 92 എന്നിവയിലെ ശിപാർശകൾ, ഖണ്ഡിക 7-ലെ ശിപാർശയിന്മേലുള്ള അധികവിവരം എന്നിവ ഒഴികെ മറ്റ് ഖണ്ഡിക ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ അംഗീകരിക്കുകയുണ്ടായി.

റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. സമിതി (2004-2006)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടി റിപ്പോർട്ടുകളും ഒന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നു. സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്നു.

## ഭാഗം - I

### ശിപാർശ

വിവാഹം കഴിഞ്ഞ് 7 വർഷത്തിനകം അസാധാരണ സാഹചര്യത്തിൽ മരണം നടക്കുകയും അതിന് അധികം മുമ്പല്ലാതെ സ്ത്രീധനാവശ്യവുമായി ബന്ധപ്പെട്ട് പെൺകുട്ടിയെ പീഡനത്തിന് വിധേയയാക്കിയിരുന്നു എന്ന് വെളിവാക്കപ്പെടുകയും ചെയ്ത കേസുകളിൽ സ്ത്രീധനമരണത്തിന് ഐ.പി.സി 304 (ബി) വകുപ്പുപ്രകാരം കേസ് ചാർജ്ജ് ചെയ്യാവുന്നതും, ഭർതൃവീട്ടുകാരുടെ നിർബന്ധത്തെത്തുടർന്ന് പെൺകുട്ടി വീട്ടിൽ നിന്ന് പണം കൊണ്ടുവന്ന ശേഷമോ അല്ലെങ്കിൽ പണത്തിന് വേണ്ടി പീഡിപ്പിക്കുന്നതായി കത്തയച്ചതിനുശേഷമോ ഉണ്ടാകുന്ന അസാധാരണ മരണവും ഈ ഗണത്തിൽപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6 )

<u>ശിപാർശ</u>

സ്ത്രീധന മരണം സംബന്ധിച്ച കാര്യങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും ഇത്തരം കേസ്സുകളിൽ ഐ.പി.സിയിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്തുവേണം കുറ്റപത്രം തയ്യാറാക്കേണ്ടതെന്നും സമിതി നിർദ്ദേശിക്കുന്നു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ചാർജ്ജ് ഷീറ്റ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ ചേർത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തിയതിനു ശേഷമേ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>ശിപാർശ</u>

സ്ത്രീധന പീഡനം സംബന്ധിച്ച് സമിതിക്ക് ലഭിക്കുന്ന പരാതികളിൽ പ്രതി വിദേശ രാജ്യത്ത് ജോലി ചെയ്യുന്ന ആളാണെന്ന കാരണം പറഞ്ഞ് അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കാനുള്ള ശ്രമം നടത്താതിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം കേസ്സുകളിൽ പ്രവാസി കേരളീയകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 9)

<u>ശിപാർശ</u>

വാസ്തവ വിരുദ്ധമായ റിപ്പോർട്ടുകൾ ലഭ്യമാക്കി നീതി നിർവ്വഹണത്തിന് പകരം നീതി നിഷേധിക്കുന്നതും ബോധപൂർവ്വം കേസന്വേഷണത്തിൽ അലംഭാവവും വീഴ്ചയും കാണിക്കുന്നതുമായ ഉദ്യോഗസ്ഥർക്കെതിരെ തക്കതായ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

ആയതിനാൽ ആത്മഹത്യയ്ക്ക് പ്രേരണയേകുന്ന കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കുറെക്കൂടി കഠിനമായ ശിക്ഷ തന്നെ വ്യവസ്ഥ ചെയ്തുകൊണ്ട് ക്രിമിനൽ നടപടി ചട്ടങ്ങളിലും ഇൻഡ്യൻ ശിക്ഷാ നിയമത്തിലും ഭേദഗതി വരുത്തണമെന്ന് കേന്ദ്രസർക്കാരിനോടഭ്യർത്ഥിക്കാൻ സംസ്ഥാന സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

5-11-2013-ലെ 102307/ജി3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്

(ഖണ്ഡിക 6, 8, 9, 10)

നിയമസഭാ സമിതിയുടെ ശിപാർശകൾ സംബന്ധിച്ച് എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും ബോധവാന്മാരാക്കുന്നതിനും അവർ അപ്രകാരം പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉദ്യോഗസ്ഥർ ടി കാര്യങ്ങൾ പരിശോധിക്കുന്നുണ്ട് എന്ന് അസിസ്റ്റന്റ് കമ്മീഷണർ/ഡി.വൈ.എസ്.പി മുഖേന ഉറപ്പുവരുത്തുവാനും ഡി.ജി.പി 31-1-2006-ലെ K9/111632/2004 നമ്പർ കത്തു മുഖേന എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത മറുപടിയിൽ 8-12-2017-ലെ യോഗത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയുമുണ്ടായെങ്കിലും തെളിവെടുപ്പ് നടന്നിട്ടില്ല.

<u>ശിപാർശ</u>

പെൺകുട്ടിയുടെ വീട്ടുകാരിൽ നിന്ന് അധികം സ്ത്രീധനം വാങ്ങിയശേഷം പണം, സ്വർണ്ണം, സൗന്ദര്യം എന്നിവ വളരെ കുറഞ്ഞുപോയി എന്നു കുറ്റപ്പെടുത്തിക്കൊണ്ട് നിത്യേന പീഡനം നടത്തി പെൺകുട്ടിയുടെ മനസ്സിൽ അനാഥത്വമുണ്ടാക്കി ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നതിനെ തുടർന്ന് മരണപ്പെട്ട നിരവധി പരാതികൾ സമിതിക്ക് ലഭിക്കാറുണ്ട്. ഇത്തരം കേസുകളിൽ ഐ.പി.സി 306 വകുപ്പ് ചേർത്ത് കേസ് ചാർജ്ജ് ചെയ്ത് തെളിവു ശേഖരിക്കുന്നതിന് മെനക്കെടാതെ ഐ.പി.സി 498 (എ) മാത്രം ചാർജ്ജ് ചെയ്ത് പ്രതികളെ രക്ഷപ്പെടുത്തുന്നതിന് ചില പോലീസ് ഉദ്യോഗസ്ഥർ താൽപ്പര്യം കാണിക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പീഡനങ്ങളുടെ യഥാർത്ഥ കാരണം കണ്ടുപിടിച്ച്, തെളിവുകൾ ശേഖരിച്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രതികൾക്ക് ജാമ്യം ലഭിക്കാൻ അസാദ്ധ്യമാക്കിത്തീർക്കുന്ന രീതിയിലും അർഹമായ ശിക്ഷ ലഭിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയും കേസുകൾ കൈകാര്യം ചെയ്യുകയും പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 306 ഐ.പി.സി. പ്രകാരം ചാർജ്ജ് ചെയ്യേണ്ടുന്ന കേസ്സുകളിൽ പ്രസ്തുത വകുപ്പു ചേർത്ത് കുറ്റപത്രം തയ്യാറാക്കാൻ ഉത്തരവാദപ്പെട്ടവർ ഉദാസീനത കാണിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(20-3-2015-ലെ 102193/സി2/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്ത്രീധന പീഡനകേസുകളിൽ പെൺകുട്ടി ആത്മഹത്യ ചെയ്യുന്ന കേസ്സുകളിൽ IPC 498(A) യ്ക്ക് പുറമേ IPC 306 പ്രകാരം ചാർജ്ജ് ചെയ്യേണ്ടുന്ന കേസ്സുകളിൽ പ്രസ്തുത വകുപ്പ് ചേർത്ത് കുറ്റപത്രം തയ്യാറാക്കുവാനും, അത്തരം കേസുകൾ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷണം നടത്തുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റപത്രം തയ്യാറാക്കുമ്പോൾ മേൽ വകുപ്പുകൾ ചേർത്തിട്ടുണ്ടോ എന്ന് ഉയർന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന അച്ചടക്കനടപടികൾ സ്വീകരിക്കുവാനും ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്ന പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിസ്ട്രിക്ട് പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർ ചേർന്ന സമിതി രൂപീകരിച്ച് മാസം തോറും ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്തുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത മറുപടി 8-12-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സ്ത്രീധനപീഡന കേസ്സുകൾ സംബന്ധിച്ച പ്രവർത്തനം നിരീക്ഷിക്കുവാൻ രൂപീകരിച്ച ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സമിതി പ്രതിവർഷം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത സമിതി നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത അധിക വിവരത്തിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

സമിതിക്ക് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളിൽ നിന്നും രാസപരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിന് വളരെ കാലതാമസം ഉണ്ടാകുന്നതായി സമിതി മനസിലാക്കുന്നു. ഇത്തരത്തിലുള്ള കാലതാമസം അന്വേഷണം പ്രഹസനമാക്കുന്നതിനും പരിശോധനയ്ക്ക് അയയ്ക്കുന്ന വസ്തുക്കൾ നശിപ്പിക്കുന്നതിനും അവയിൽ കൃത്രിമം നടത്തുന്നതിനും മാത്രമേ സഹായിക്കു എന്ന് സമിതി അഭിപ്രായപ്പെടുന്നു. രാസപരിശോധന കൂടുതൽ കാര്യക്ഷമമാക്കാനും നിശ്ചിത സമയപരിധിക്കുള്ളിൽ റിസൾട്ട് നൽകാൻ സഹായകരമാംവിധം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളെ ആധുനികവൽക്കരിക്കാനും ആവശ്യമായ ജീവനക്കാരെ വേണ്ടിവന്നാൽ തസ്തികകൾ സൃഷ്ടിച്ചവരെ, നിയമിക്കാനും വേണ്ട നടപടികൾക്ക് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11, 65)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(22-7-2005-ലെ 58265/ഇ 4/04/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)

കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ടുകൾ കുറ്റമറ്റതാക്കുന്നതിനും റിപ്പോർട്ടുകൾ ത്വരിതപ്പെടുത്തുന്നതിലേക്കുമായി ഗവൺമെന്റ് ഓർഡർ (എം.എസ്.) നമ്പർ 247/04/ ആഭ്യന്തരം, തീയതി 21-7-2004 പ്രകാരം താഴെ പറയുന്ന പതിനാല് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | | | | (രൂപ) |
|---|---|---|---|---|
| അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ | - | ഒന്ന് | - | 7450 - 11475 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | - | നാല് | - | 6675 - 10550 |
| ടെക്നിക്കൽ അസിസ്റ്റന്റ് | - | ഏഴ് | - | 4600 - 7125 |
| ബോട്ടിൽ ക്ലീനർ | - | ഒന്ന് | - | 2610 - 3680 |
| ലോവർ ഡിവിഷൻ ക്ലാർക്ക് | - | ഒന്ന് | - | 3050 - 5230 |

കൂടാതെ ഇതിനായി താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | അബ്ബേ റിഫ്രാക്റ്റോമീറ്റർ | - | 1 യൂണിറ്റ് |
| 2 | ഫ്യൂം ഹുഡ് | - | 1 യൂണിറ്റ് |
| 3 | ഇലക്ട്രോണിക് ബാലൻസ് | - | 1 യൂണിറ്റ് |
| 4 | ഇലക്ട്രോണിക് ബൻസൺ | - | 1 യൂണിറ്റ് |
| 5 | പെട്രോളിയം ഡിസ്റ്റിലേഷൻ അപ്പാരറ്റസ് | - | 2 യൂണിറ്റ് |
| 6 | അക്സസ്സറീസ് ഫോർ എച്ച്. പി. എൻ. സി. | - | 2 യൂണിറ്റ് |

ഇപ്രകാരം പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്യുക വഴി രാസപരിശോധന കൂടുതൽ കാര്യക്ഷമമാക്കാനും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ റിസൾട്ട് നൽകാനും സാധിക്കുന്നുണ്ട്.

(19-10-2005-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ

സ്ത്രീധന പീഡനത്തിന്റെ പേരിൽ അകാലത്തിൽ ചരമമടയുന്ന സ്ത്രീകളുടെ കുട്ടികൾ അനാഥത്വം അനുഭവിക്കുന്നുണ്ട്. അവരുടേതല്ലാത്ത കുറ്റം കൊണ്ട് നിർഭാഗ്യവാന്മാരായി പ്പോകുന്ന കുട്ടികളെ ജീവിതത്തിൽ കൈ പിടിച്ചുയർത്തുന്നതിന് സന്നദ്ധ സംഘടനകളോട് ആലോചിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12, 64)

സ്വീകരിച്ച നടപടി (സാമൂഹ്യക്ഷേമ വകുപ്പ്)

(15-7-2009-ലെ 12029/ബി3/2007/സാക്ഷേവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്ത്രീധനത്തിന്റെ പേരിൽ അകാലത്തിൽ ചരമമടയുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന് നിലവിലുണ്ട്. ടി കുട്ടികൾ അനാഥത്വം അനുഭവിക്കാതിരിക്കുന്നതിന് വേണ്ട മുൻകരുതലുകൾ ഈ വകുപ്പ് ചെയ്തു വരുന്നുണ്ട്. അവരുടേതല്ലാത്ത കുറ്റം കൊണ്ട് അനാഥത്വം കൈവന്ന് നിർഭാഗ്യവന്മാരായി പോകുന്നവർ ഉൾപ്പെടെയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും ജീവിതത്തിൽ സുരക്ഷിതമായി കൈപിടിച്ചുയർത്തുന്നതിനുമായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | ചിൽഡ്രൻസ് ഹോമുകൾ | - | 9 |
| 2 | ഒബ്സർവേഷൻ ഹോം | - | 5 |
| 3 | ആഫ്റ്റർ കെയർ ഹോം<br>(മെയിൽ -1, ഫീമെയിൽ - 2) | - | 3 |
| 4 | ശ്രീ ചിത്രാ പുവർ ഹോം | - | കുട്ടികൾക്കും മുതിർന്നവർക്കും |

ഇതു കൂടാതെ കുട്ടികൾ ഇല്ലാത്തവർക്ക് കുട്ടികളെ ദത്ത് നൽകുന്നതിന് ഇൻ കൺട്രി ലൈസൻസ് ഉള്ള 14 ഫോണ്ട്ലിങ്ങ് ഹോമുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 5 എണ്ണത്തിന് ഇന്റർ കൺട്രി ലൈസൻസും ഉണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന 956 അനാഥാലയങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്.

(4-8-2009-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ

ഭർത്താവിൽ നിന്നും ഭർത്തൃ ബന്ധുക്കളിൽ നിന്നുമുള്ള മാനസിക പീഡനങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്യാനിടയായിട്ടുള്ള കേസ്സുകളിൽ പ്രതി വിദേശത്താണെങ്കിൽ ടിയാനെ അറസ്റ്റ ചെയ്യുന്നതിന് പ്രവാസി കേരളീയകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്നും പല രാജ്യങ്ങളുമായും കുറ്റവാളികളെ കൈമാറുന്ന ഉടമ്പടി ഉള്ളതിനാൽ ടിയാനെ വിദേശത്തു നിന്നും അറസ്റ്റ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മുൻകൂർ ജാമ്യം നേടിയാൽ തന്നെ എ.പി.പി.-യുമായി ബന്ധപ്പെട്ട് ജാമ്യം റദ്ദാക്കി കിട്ടുന്നതിനുള്ള നടപടികൾ പോലീസ് ശുഷ്കാന്തിയോടെ നിർവ്വഹിക്കണമെന്നും പ്രതികൾക്ക് ജാമ്യം നേടുവാൻ അവസരം സൃഷ്ടിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

## സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)

(2-10-2006-ലെ 52165/ജെ2/04/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുൻകൂർ ജാമ്യത്തിന് പ്രതികൾ അപേക്ഷ കൊടുക്കുമ്പോൾ ആയത് നിരസിക്കുന്നതിന് ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ മുഖേന പോലീസ് റിപ്പോർട്ട് ഫയൽ ചെയ്യാറുണ്ട്. ആയത് ടി കേസിലെ 2 മുതൽ 4 കൂടിയ പ്രതികൾ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ച സമയം പാലിക്കപ്പെട്ടിട്ടുണ്ട്. ഒളിവിൽ കഴിയുന്ന 1-ാം പ്രതിയെ വിദേശത്തു നിന്നും ലഭ്യമാക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടുന്നതിനും പ്രവാസി വകുപ്പു മുഖേന മേൽ നടപടി സ്വീകരിക്കുന്നതിനും ബഹു. കേരള ഹൈക്കോടതിയിൽ ടി കേസുമായി നിലവിലുള്ള ക്രിമിനൽ അപ്പീൽ 654/01ന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും മേൽ ക്രിമിനൽ അപ്പീലുമായി ബന്ധപ്പെട്ട ബഹു. അഡ്വക്കേറ്റ് ജനറൽ അവർകൾ മുമ്പാകെ ഹാജരാക്കിയിട്ടുള്ള ടി കേസിന്റെ സി.ഡി.ഫയൽ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തുടർന്ന് 26-12-2006-ലെ 77254/ജെ2/06/ആഭ്യ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ അധിക വിവരങ്ങളടങ്ങിയ റിപ്പോർട്ട്

കേസിലെ പ്രതി മുഹമ്മദ് അബ്ദുൾ അസീസ് എന്നയാൾ നിയമനടപടികളിൽ നിന്നും രക്ഷപ്പെടുന്നതിന് ദീർഘകാലം ഗൾഫ്നാടുകളിൽ ഒളിവിൽ കഴിഞ്ഞശേഷം നാട്ടിൽ വന്ന് 2-9-2006 തീയതി ഒറ്റപ്പാലം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതിയുടെ ചാർജ്ജിലുള്ള പാലക്കാട് ജുഡിഷ്യൽ ഒന്നാം

ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നം.3 പ്രതിക്ക് ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. ടി പ്രതി വീണ്ടും ഗൾഫിൽ പോകുവാൻ ഇടയുണ്ടെന്നുള്ള വിശ്വാസയോഗ്യമായ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിന്മേൽ കേസ്സിന്റെ വിചാരണ വീണ്ടും നീണ്ടുപോകുവാൻ സാദ്ധ്യതയുള്ളതിനാൽ പ്രതിയുടെ ഇന്ത്യൻ പാസ്പോർട്ട് കണ്ടുകെട്ടുന്നതിനോ അല്ലാത്തപക്ഷം പ്രതി വിദേശത്ത് പോകാതിരിക്കുന്നതിന് വേണ്ട നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ് എന്ന് എസ്.പി. പാലക്കാട് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ടുകൾ 24-10-2007-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും പ്രതി വിദേശത്ത് പോയോ എന്ന് ആഭ്യന്തര വകുപ്പിനോട് ആരായാൻ നിർദ്ദേശിക്കുകയുമുണ്ടായി.

## അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി

(18-5-2009-ലെ 9891/ജെ2/2008/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ച സമിതി ആരാഞ്ഞ അധികവിവരങ്ങൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട്)

ശ്രീമതി ഷാഹിന മരണപ്പെട്ടത് സംബന്ധിച്ച് ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 200/94 യു/എസ് 498/(എ) 304 (ബി) 306 ആർ/ഡബ്ല്യൂ. 34 ഐ.പി.സി കേസിലെ ഒന്നാം പ്രതിയായ മുഹമ്മദ് അബ്ദുൾ അസീസ് സംഭവത്തിനുശേഷം വിദേശത്തേയ്ക്ക് പോയിട്ടുള്ളതും 2 മുതൽ 4 വരെ പ്രതികൾക്ക് ബഹു. പാലക്കാട് ജില്ലാ സെഷൻസ് കോടതി 2-8-1994-ൽ മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്.

ഒന്നാം പ്രതി ഗൾഫിൽ ആകയാൽ ടിയാനെ അറസ്റ്റു ചെയ്യുവാൻ സാധിക്കാതെ വന്നിട്ടുള്ളതും 20-1-1995 തീയതി കേസന്വേഷണം പൂർത്തീകരിച്ച് 1-ാം പ്രതിയെ ഒളിവിൽ കാണിച്ച് ബഹു. ഒറ്റപ്പാലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും 20-1-1996 തീയതി 1-ാം പ്രതിയുടെ പേരിൽ സി.പി. 4/95 ആയി പ്രത്യേകം കേസ് സ്പ്ളിറ്റ് ചെയ്തിട്ടുള്ളതും കേസ്സിലെ മറ്റു പ്രതികളായ 2 മുതൽ 4 കൂടിയ പ്രതികളെ 2-6-2004 തീയതി ബഹു. ഒറ്റപ്പാലം അഡീഷണൽ സെഷൻസ് കോടതി യു/എസ് 235 സി.ആർ.പി.സി. പ്രകാരം വെറുതെവിട്ടുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്.

തുടർന്ന് ഈ കേസിലെ 1-ാം പ്രതി മുഹമ്മദ് അബ്ദുൾ അസീസ് 22-8-2006 തീയതി ക്രിമിനൽ എം.സി. നം. 2520 ആയി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ജാമ്യാപേക്ഷ നൽകുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 1-ാം പ്രതി ബഹു. ഒറ്റപ്പാലം ജെ.എഫ്.സി.എം. കോടതിയിൽ ഹാജരാവുകയും പ്രതിക്ക് ബഹു. കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതും തുടർന്ന് 1-ാം പ്രതിയുടെ പേരിൽ സ്പ്ളിറ്റ് ചെയ്തിരുന്നതായ കേസ്സ് സി.പി. നം. 77/06 ആയി 31-1-2008 തീയതി ബഹു. ഒറ്റപ്പാലം

അഡീഷണൽ സെഷൻസ് കോടതിയ്ക്ക് കമ്മിറ്റ് ചെയ്തിട്ടുള്ളതാണ് എന്നും കേസിലെ പ്രതി ശ്രീ. അബ്ദുൾ അസീസ്, S/o ഹുസൈൻ, വട്ടക്കൽ വീട്, ഈസ്റ്റ് ഒറ്റപ്പാലം എന്നയാൾ കഴിഞ്ഞ രണ്ട് വർഷമായി നാട്ടിൽ തന്നെയുണ്ടെന്നും ഇപ്പോൾ മേൽ പ്രസ്താവിച്ച വിലാസത്തിൽ താമസിച്ചുവരുന്നുണ്ടെന്നുള്ള വിവരവും പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 4-8-2009-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

<u>തുടർന്ന് 5-11-2013-ലെ 101663/ജെ1/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ച വിശദമായ അന്വേഷണ റിപ്പോർട്ട്</u>

14-6-1994 തീയതി രാത്രി 21.00 മണിക്കും 23.00 മണിക്കും ഇടയിൽ ആവലാതിക്കാരന്റെ മകൾ ഷാഹിന, W/o അബ്ദുൾ അസീസ് എന്ന സ്ത്രീ ടിയാളുടെ ഭർത്താവിന്റെ വീട്ടിൽ വച്ച് കെട്ടിതൂങ്ങി മരണപ്പെട്ട കാര്യത്തിന് മരണപ്പെട്ട ഷാഹിനയുടെ പിതാവ് അബൂബക്കർ, S/o അബ്ദുൾ റഹിമാൻ എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 15-6-1994 തീയതി 9.00 മണിക്ക് ഒറ്റപ്പാലം അഡീഷണൽ സബ് ഇൻസ്പെക്ടർ പി. വേലായുധൻ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ കേസന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ മരണപ്പെട്ട ഷാഹിന ഭർത്താവിന്റെയും ഭർത്താവിന്റെ വീട്ടുകാരുടെയും മാനസികവും ശാരീരികവുമായ പീഡനംമൂലം ആത്മഹത്യ ചെയ്യാൻ ഇടയായിട്ടുള്ളതായും വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസിന്റെ വകുപ്പ് 498 (A), 304(b), 306 r/w 34 IPC യായി സെക്ഷൻ മാറ്റി (1) മുഹമ്മദ് അബ്ദുൾ അസീസ്, S/o ഹുസൈൻ (2) ഹുസൈൻ S/o ചേക്കു (3) ആസിയ, W/o ഹുസൈൻ 4) ബീവാത്തുമ്മ W/o സെയ്തലവി എന്നിവരെ പ്രതി ചേർത്തിട്ടുള്ളതും ഒന്നാം പ്രതി സംഭവത്തിന് ശേഷം ഒളിവിൽ പോയതിനാൽ കേസ്സിന്റെ അന്വേഷണം 20-1-1995 തീയതി ഒന്നാം പ്രതിയെ ഒളിവിൽ ചേർത്ത് 1 മുതൽ 4 കൂടിയ പ്രതികളുടെ പേരിൽ കുറ്റപത്രം തയ്യാറാക്കി ബഹു. ഒറ്റപ്പാലം ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതി മേപ്പടി കേസ് ഒന്നാം പ്രതിയെ സ്പ്ളിറ്റ് ചെയ്ത് 2 മുതൽ 4 കൂടിയ പ്രതികളുടെ പേരിൽ കുറ്റപത്രം ബഹു. സെഷൻസ് കോടതിയിലേക്ക് കമ്മിറ്റ് ചെയ്തിട്ടുള്ളതും ആയത് ബഹു. അഡീഷണൽ സെഷൻസ് കോടതി ഒറ്റപ്പാലം SC65/1995 ആയി സ്വീകരിച്ചിട്ടുള്ളതും മേപ്പടി പ്രതികളെ വിചാരണ ചെയ്ത് പ്രതികൾ കുറ്റക്കാരല്ലെന്ന് കണ്ട് 2 മുതൽ 4 കൂടിയ പ്രതികളെ U/s 235 Cr.PC പ്രകാരം 30-5-1998 തീയതി അക്വിറ്റ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്.

ഈ കേസിലെ ഒന്നാം പ്രതി ബഹറനിൽ ഒളിവിൽ കഴിഞ്ഞുവരികയാണെന്ന് അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം പ്രതിക്കെതിരെ LP 15/1996 നമ്പറായി കേസ് സ്പ്ലിറ്റ് ചെയ്ത ബഹു. ഒറ്റപ്പാലം JMFC കോടതിയിൽ നിലവിൽ ഉണ്ടായിരുന്നതും ഈ കേസിലെ ഒന്നാം പ്രതി ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം JMFC കോടതിയിൽ സറണ്ടർ ചെയ്തിട്ടുള്ളതും ബഹു. കോടതി ഒന്നാം പ്രതിക്ക് ജാമ്യം അനുവദിച്ച് ഒന്നാം പ്രതിയുടെ പേരിൽ LP 15/1996 ആയി പുറപ്പെടുവിച്ച അറസ്റ്റ് വാറണ്ട് പിൻവലിച്ച് ഉത്തരവായി അറിയിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഒന്നാം പ്രതി 31-1-2008 തീയതി ബഹു. കോടതിയിൽ ഹാജരായിട്ടുള്ളതും പ്രതിയുടെ പേരിലുള്ള CP 77/06 നമ്പർ കേസ് തുടർ നടപടിക്കും മറ്റുമായി ബഹു. പാലക്കാട് സെഷൻസ് കോടതിയിലേയ്ക്ക് കമ്മിറ്റ് ചെയ്തിട്ടുള്ളതും പിന്നീട് ഈ കേസ് SC 97/08 പ്രകാരം ഒറ്റപ്പാലം അഡീഷണൽ സെഷൻസ് കോടതി വിചാരണ ചെയ്ത് U/s 235(1) Cr.PC പ്രകാരം ഒന്നാം പ്രതിയെ 23-8-2012 തീയതി അക്വിറ്റ് ചെയ്തിട്ടുള്ളതായും റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.

(8-12-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ</u>

ആലുവ മുനിസിപ്പൽ പത്താം വാർഡിൽ പേങ്ങാട് വീട്ടിൽ അബ്ദുൾ റഹിമാന്റെ മകൾ ബീവിയുടെ ദുരൂഹമരണം സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം 151/98 കേസിലെ ഒന്നാംപ്രതിയായ ഭർത്താവ് വിദേശത്താണ് ജോലി ചെയ്യുന്നതെങ്കിലും ഒളിവിലെന്നാണ് ഗവൺമെന്റിന്റെ കണ്ടെത്തൽ. ഒന്നാം പ്രതിയെ കണ്ടെത്തുന്നതിന് രണ്ടും മൂന്നും പ്രതികളെ ചോദ്യം ചെയ്തിരുന്നുവെങ്കിൽ അറിയാൻ സാധിക്കുമായിരുന്നു. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ അതിനായി മെനക്കെട്ടതായി തോന്നുന്നില്ല. വിവാഹം കഴിഞ്ഞ് ഏതാനും ദിവസം ഭർത്താവിനോടൊത്തും രണ്ട് വർഷക്കാലത്തോളം ഭർതൃഗൃഹത്തിലും താമസിച്ച് യാതനകളും പീഡനങ്ങളും സഹിച്ച് അകാലത്തിൽ പൊലിഞ്ഞുപോയ ഒരു സ്ത്രീയുടെ ജീവിതത്തിന് യാതൊരു വിലയും കൽപ്പിക്കാതെ ബോധപൂർവ്വം ഈ കേസ്സിന്റെ അന്വേഷണത്തിൽ അലംഭാവവും വീഴ്ചയും കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(5-11-2013-ലെ 101231/ജെ3/2013/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭിച്ചത്)

ആലുവ പേങ്ങാട് ബീവിയുടെ മരണം സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷൻ ക്രൈം 151/98 നമ്പർ കേസ്സിന്റെ അന്വേഷണം സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ. ഓമനക്കുട്ടൻ, ഡി.വൈ.എസ്.പി. ശ്രീ. കെ. ജിനരാജൻ എന്നിവരാണ് നടത്തിയിട്ടുള്ളത്. ഇതിൽ ശ്രീ. ജിനരാജൻ 31-10-2004-ലും ശ്രീ. ഓമനക്കുട്ടൻ 31-3-2005-ലും സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാൽ അവരുടെ പേരിൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(8-12-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ</u>

സമിതിയുടെ പരിഗണനയിലുള്ള ഹർജി സംബന്ധിച്ച കേസിൽ 24-10-2001-ൽ കോടതിവിധി വന്ന വിവരം 7-2-2003-ൽ മാത്രമാണ് സമിതിയെ അറിയിക്കുന്നത് സമിതിയുടെ അന്തസ്സിനെ ബഹുജനമദ്ധ്യത്തിൽ വിലകുറച്ചുകാണുന്ന ഗവൺമെന്റ് സമീപനം അവസാനിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(28-11-2013-ലെ 101208/ജെ1/2013/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭിച്ചത്)

സമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിലെ കോടതി വിധികൾ യഥാസമയം സമിതിയെ അറിയിക്കുന്ന കാര്യത്തിൽ മേലിൽ ജാഗ്രത പുലർത്തുന്നതാണ്.

<u>ശിപാർശ</u>

സ്ത്രീപീഡന കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തണമെന്നും പ്രതികൾക്ക് യാതൊരു കാരണവശാലും രക്ഷപ്പെടാൻ കഴിയാത്തവിധം കേസുകൾ ഫ്രെയിം ചെയ്യണമെന്നും പ്രതികൾക്ക് നിയമം അനുശാസിക്കുന്ന ഏറ്റവും ഉയർന്ന ശിക്ഷ തന്നെ ലഭിക്കാൻ പാകത്തിൽ കേസുകൾ കൈകാര്യം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(28-11-2013-ലെ 101208/ജെ1/2013/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭിച്ചത്)

സ്ത്രീപീഡന കേസുകളിൽ ഊർജ്ജിത അന്വേഷണം നടത്തുന്നതിനും പ്രതികൾക്ക് യാതൊരു കാരണവശാലും രക്ഷപ്പെടാൻ കഴിയാത്തവിധത്തിൽ കേസുകൾ ഫ്രെയിം ചെയ്യുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും ക്രൂരമായ പീഡനം സഹിക്കാൻ വയ്യാതെ തന്റെ രണ്ടര വയസ് പ്രായമുള്ള മകളെ ശരീരത്തോടുചേർത്തു മണ്ണെണ്ണയൊഴിച്ച് കത്തിച്ച് വെന്തുമരിക്കേണ്ടിവന്ന ഒരു യുവതിയുടെ നിസ്സഹായവസ്ഥ മനുഷ്യ മനസ്സാക്ഷിയെ പിടിച്ചുലയ്ക്കുന്ന ഒന്നാണ്. വീണ്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണെന്ന പരമാർത്ഥം സമിതി ഞെട്ടലോടെ മനസ്സിലാക്കുന്നു. പൊതുവേ കഠിനമല്ലാത്ത ശിക്ഷയും രക്ഷപ്പെടാനുള്ള സാധ്യതകളുമാണ് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് പ്രേരണ നൽകുന്നത്. ആയതിനാൽ ആത്മഹത്യയ്ക്ക് പ്രേരണയേകുന്ന കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കുറേക്കൂടി കഠിനശിക്ഷകൾ തന്നെ വ്യവസ്ഥ ചെയ്തുകൊണ്ട് ക്രിമിനൽ നടപടിചട്ടങ്ങളുടെയും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെയും ഭേദഗതിക്ക് കേന്ദ്ര സർക്കാരിനോടഭ്യർത്ഥിക്കാൻ സംസ്ഥാന സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെട്ടവർക്ക് നിയമം അനുവദിക്കുന്ന പരമാവധി ശിക്ഷ നൽകുന്ന തരത്തിലുള്ള കുറ്റമറ്റ അന്വേഷണത്തിന് പോലീസിനെ സജ്ജമാക്കണമെന്നും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)</u>

(15-3-2014-ലെ 11679/സി2/2013/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭിച്ചത്)

ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കഠിനശിക്ഷകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രിമിനൽ നടപടിചട്ടങ്ങളുടെയും നിലവിലുള്ള ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 489 എ, 304 ബി, 306 എന്നീ വകുപ്പുകൾ പ്രകാരവും കുറ്റക്കാർക്ക് എതിരെ നടപടികൾ കൈകൊള്ളാവുന്നതുകൊണ്ട് പുതിയ ഭേദഗതികളുടെ ആവശ്യമില്ല. തെളിവ് നിയമത്തിലെ 113 എ, 113 ബി എന്നീ വകുപ്പുകളും ഇത്തരം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ കോടതികൾക്ക് സഹായകമാകും. സമിതിയുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡികകൾ 113, 114, 124 എന്നിവയിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ 8-12-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്ത്രീപീഡന കേസുകളെ സംബന്ധിച്ച് 'കേസ് സ്റ്റഡി' നടത്തി ശിക്ഷിക്കപ്പെടുന്നവ എത്രശതമാനം വരുമെന്ന വിവരം ആഭ്യന്തര വകുപ്പിനോടാവശ്യപ്പെടാൻ നിർദ്ദേശിക്കുകയുണ്ടായി.

അധികവിവരത്തിന്മേൽ സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)

(2-7-2020-ലെ ആഭ്യന്തര-ജെ1/46/2019-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)

തിരുവനന്തപുരം സിറ്റി ജില്ലയുൾപ്പെടെ തിരുവനന്തപുരം റെയ്ഞ്ചിൽ 8.73%, കൊച്ചി റെയ്ഞ്ചിൽ 22%, തൃശ്ശൂർ റെയ്ഞ്ചിൽ 7.15%, കണ്ണൂർ റെയ്ഞ്ചിൽ 15.18% എന്നിങ്ങനെയാണ് സ്ത്രീപീഡനം സംബന്ധിച്ച കേസുകളിൽ ശിക്ഷിക്കപ്പെടുന്നത്. സംസ്ഥാനത്ത് സ്ത്രീപീഡനം സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ശരാശരി ഏകദേശം 13.27 ശതമാനം കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നതായി വെളിവാകുന്നുണ്ട് എന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

(6-11-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ഭാഗം II

സർക്കാരിൽ നിന്നും അനന്തരനടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകൾ

| ക്രമ നമ്പർ | ശിപാർശ നമ്പർ | ശിപാർശ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 21 | സ്ത്രീധന പീഡനം മൂലമുള്ള മരണം സംബന്ധിച്ച കേസുകളിൽ 304(ബി), 306 എന്നീ വകുപ്പുകൾ കൂടി ചേർത്ത് വേണം ചാർജ്ജ് ഷീറ്റ് തയ്യാറാക്കേണ്ടതെന്നും കൂടാതെ ഇത്തരം കേസ്സുകൾ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ പരിശോധിച്ച് മാതൃകാപരമായി ശിക്ഷ ലഭിക്കുവാൻ വേണ്ട രീതിയിലാണോ കേസ് ചാർജ്ജ് ചെയ്തിരിക്കുന്നതെന്നും ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ചേർത്തിട്ടുണ്ടോയെന്നും ഉറപ്പു വരുത്തിയതിനുശേഷമേ കോടതിക്ക് കുറ്റപത്രം സമർപ്പിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തര വകുപ്പ് |
| 2 | 35 | സ്ത്രീധനപീഡന കേസ്സുകളിൽ പ്രതികൾക്ക് രക്ഷപ്പെടുവാനുള്ള പഴുതുകൾ ഉണ്ടാകാത്തവിധം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കും എ.പി.പി.-മാർക്കും നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തര വകുപ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 92 | വളരെ വ്യക്തമായി കൊലപാതകം നടന്നുവെന്ന് വെളിവാകുന്ന കേസ്സുകളിൽ ഐ.പി.സി.306 ആത്മഹത്യാ പ്രേരണയ്ക്ക് കേസെടുക്കുന്നതിന് പകരം ഐ.പി.സി.302 പ്രകാരം കൊലപാതക കുറ്റം ചുമത്തി കേസ് ചാർജ്ജ് ചെയ്യാനാവശ്യമായ നടപടികൾ പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തര വകുപ്പ് |
| 4 | 7 | പീഡനങ്ങളുടെ യഥാർത്ഥകാരണം കണ്ടുപിടിച്ച് തെളിവുകൾ ശേഖരിച്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രതികൾക്ക് ജാമ്യം ലഭിക്കാൻ അസാദ്ധ്യമാക്കി ത്തീർക്കുന്ന രീതിയിലും അർഹമായ ശിക്ഷ ലഭിക്കണ മെന്ന ഉദ്ദേശ്യത്തോടുകൂടിയും കേസുകൾ കൈകാര്യം ചെയ്യുകയും പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 306 ഐ.പി.സി പ്രകാരം ചാർജ്ജ് ചെയ്യേണ്ടുന്ന കേസ്സുകളിൽ പ്രസ്തുത വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കാൻ ഉത്തരവാദപ്പെട്ടവർ ഉദാസീനത കാണിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(സമിതി ആവശ്യപ്പെട്ട അധികവിവരം) | ആഭ്യന്തര വകുപ്പ് |

മേൽ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

യു. പ്രതിഭ,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും*

*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*

*ക്ഷേമം സംബന്ധിച്ച സമിതി*

തിരുവനന്തപുരം,

2022 മാർച്ച് 16